LIBRARY ARCHIVES Kerala Legislative Assembly

ലോഹമണൽ ഖനനം

36 [494] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:*
,, *ഇ. എം. അഗസ്തി:*
,, *ജി. പ്രതാപവർമ്മ തമ്പാൻ:*
,, *എം. കെ. പോൾസൺ മാസ്റ്റർ:*
,, *കെ. സുധാകരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെനിന്നെല്ലാം ലോഹമണൽ ഖനനം ചെയ്യുന്നുണ്ട്;

(ബി) ആരെല്ലാമാണ് ഇത് ഖനനം ചെയ്യുന്നത്;

(സി) ഓരോ സ്ഥലത്തുനിന്നും എത്ര ടൺ വീതം പ്രതിവർഷം ഖനനം ചെയ്യപ്പെടുന്നു;

(ഡി) സംസ്ഥാന ഗവൺമെന്റോ അതിന്റെ ഏജൻസികളോ അല്ലാതെ മറ്റുള്ളവർ ലോഹമണൽ ഖനനം ചെയ്യുന്നതിന്റെ പേരിൽ സംസ്ഥാനത്തിന് ലഭിക്കുന്ന റോയൽറ്റി എത്രയാണ്?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ നീണ്ടകര മുതൽ കായംകുളം പൊഴി വരെയുള്ള തീരപ്രദേശത്ത് ലോഹമണൽ ഖനനം നടക്കുന്നുണ്ട്.

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡും, കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരളാ മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡും മാത്രമാണ് കരിമണൽ ഖനനം ചെയ്യുന്നത്.

(സി) 2004-2005 വർഷത്തിൽ ഇന്ത്യൻ റെയർ എർത്ത്സ് 1,62,918 ടണ്ണും കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് 1,99,757 ടണ്ണും ഖനനം ചെയ്തിട്ടുണ്ട്.

(ഡി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിൽനിന്നും 2004-2005-ൽ റോയൽറ്റി ഇനത്തിൽ 1,03,08,730 രൂപ ലഭിച്ചു.

സ്വർണ്ണ നിക്ഷേപം

37 [495] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ സ്വർണ്ണ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്;

(ബി) ഇത് സംസ്കരിച്ചെടുക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) അട്ടപ്പാടിയിലെ സ്വർണ്ണനിക്ഷേപത്തിന്റെ തോത് എത്രമാത്രമുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മലബാർ ഭാഗത്ത് വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ സ്വർണ്ണം കണ്ടെത്തിയിട്ടുണ്ട്. വയനാട് ജില്ലയിൽ മേപ്പാടി, ചുണ്ടേൽ, വൈത്തിരി, നരിയോട് എന്നീ സ്ഥലങ്ങളിലും മലപ്പുറം ജില്ലയിൽ നിലമ്പൂർ താഴ്വരയിൽ മരുത, മണ്ണുചീനി, തണ്ണിക്കടവ്, കാപ്പിൽ കടന്നമണ്ണ എന്നീ സ്ഥലങ്ങളിലും പുന്നപ്പുഴ, ചാലിയാർ എന്നീ നദീതടങ്ങളിലും (പ്ലാസർ സ്വർണ്ണനിക്ഷേപം) പാലക്കാട് ജില്ലയിൽ അട്ടപ്പാടി ഭാഗത്ത് കോട്ടത്തറ, അഗളി, പുട്ടുമല എന്നീ സ്ഥലങ്ങളിലും സ്വർണ്ണം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) കേരളത്തിൽ കണ്ടെത്തിയിട്ടുള്ള സ്വർണ്ണനിക്ഷേപങ്ങൾ സംസ്കരിച്ചെടുക്കുവാനുള്ള നടപടികൾക്ക് സമയമായിട്ടില്ല. നിലമ്പൂർ പ്രദേശത്ത് സ്വർണ്ണ നിക്ഷേപ മൈനിംഗ് ആരംഭിക്കുന്നതിനു മുൻപുള്ള കൂടുതൽ പഠനങ്ങൾക്കായി കേന്ദ്ര സർക്കാർ സ്ഥാപനമായ എം. ഇ. സി. എൽ.-മായി ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കാൻ വനം വകുപ്പിൽനിന്നുമുള്ള അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

അട്ടപ്പാടിയിലെ ഖനന പ്രക്രിയ പഠനങ്ങൾക്കായി ഹട്ടി ഗോൾഡ് മൈൻസുമായി ചേർന്ന് വകുപ്പും ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയും ഒരു പദ്ധതി ആവിഷ്കരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) അട്ടപ്പാടിയിലെ പുട്ടുമലയിൽ 12.98 ഗ്രാം/ടൺ എന്ന തോതിൽ സ്വർണ്ണം അടങ്ങിയിട്ടുള്ള 0.08 ദശലക്ഷം ടൺ പാറയും കോട്ടത്തറയിൽ 14.99 ഗ്രാം/ടൺ എന്ന തോതിൽ സ്വർണ്ണം അടങ്ങിയിട്ടുള്ള 0.0067 ദശലക്ഷം ടൺ പാറയും കണ്ടെത്തിയിട്ടുണ്ട്.

സ്വർണ്ണ ഖനനം

38 [496] *പ്രൊഫ. കെ. വി. തോമസ്:*
ശ്രീ. എ. സുജനപാൽ:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ, അട്ടപ്പാടി, വയനാട് എന്നിവിടങ്ങളിൽനിന്ന് സ്വർണ്ണം ഖനനം ചെയ്യാനുള്ള സാദ്ധ്യതയെപ്പറ്റി പഠിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly